(ഡി) തൃപ്തികരമായ നടപടി ഉണ്ടാകാത്തതിനെ തുടർന്ന് ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എം. എൽ. എ.-മാർ വീണ്ടും പരാതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആർക്കെല്ലാമെതിരെ; പരാതിയിൻമേൽ സ്വീകരിച്ച നടപടി എന്ത്;

(ഇ) താമരശ്ശേരി എസ്. ഐ. ആയിരുന്ന ശ്രീ. രാജിനെതിരെ എം. എൽ. എ.-മാർ നൽകിയ പരാതി പ്രകാരം സ്വീകരിച്ച ശിക്ഷാ നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ & ബി) പരാതികൾ സംബന്ധിച്ച് ഡിപ്പാർട്ട്മെന്റ് തലത്തിലും വിജിലൻസ് മുഖേനയും അന്വേഷണം നടത്താറുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ശ്രീ. സാജുപോൾ എം. എൽ. എ. താമരശ്ശേരി സബ് ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. രാജിനെതിരെ നൽകിയ പരാതി സംബന്ധിച്ച് അന്വേഷണ റിപ്പോർട്ട് തൃപ്തികരമല്ലെന്ന് എം. എൽ. എ. വീണ്ടും പരാതി അയച്ചിട്ടുള്ളതും ആയതിൻമേൽ വീണ്ടും അന്വേഷണം നടത്തിയിട്ടുള്ളതുമാണ്.

(ഇ) ശ്രീ. സാജുപോൾ, ശ്രീ. യു. സി. രാമൻ എന്നീ എം. എൽ. എ.-മാർ താമരശ്ശേരി സബ് ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. രാജിനെതിരെ നൽകിയ പരാതികളിൽ വിശദമായ അന്വേഷണം നടത്തിയതിൽ പരാതിയിൽ പറഞ്ഞ ആരോപണങ്ങൾ അടിസ്ഥാന രഹിതമാണെന്ന് വ്യക്തമായിട്ടുള്ളതാണ്.

വെട്ടിക്കുറച്ച തസ്തികകൾ

144 [722] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സെക്രട്ടേറിയറ്റ് ഉൾപ്പെടെ വിവിധ വകുപ്പുകളിലായി എത്ര തസ്തികകൾ വെട്ടിക്കുറച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) സംസ്ഥാന റീഡിപ്ലോയിമെന്റ് കമ്മിറ്റി നിർദ്ദേശപ്രകാരം സെക്രട്ടേറിയറ്റ് ഉൾപ്പെടെ വിവിധ വകുപ്പുകളിലെ അധിക തസ്തികകൾ സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ഡി) അധികജീവനക്കാരുള്ള സെക്രട്ടേറിയറ്റുൾപ്പെടെയുള്ള വിവിധ വകുപ്പുകളിലെ അധിക ജീവനക്കാർക്ക് ട്രാൻസ്ഫർ നിയമനം നൽകിയ ലിസ്റ്റും, വകുപ്പുകളും, എവിടെ നിയമനം നൽകി എന്നുള്ളതുമായ സ്റ്റേറ്റുമെന്റ് ലഭ്യമാക്കുമോ;

(ഇ) സെക്രട്ടേറിയറ്റ് ഉൾപ്പെടെ വിവിധ വകുപ്പുകളിലായി എത്ര പെൻഷൻ തസ്തികകൾ ഈ സർക്കാർ നിർത്തലാക്കിയിട്ടുണ്ട്;

(എഫ്) വകുപ്പ് തിരിച്ച് വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ 23 തസ്തികകളും ധനവകുപ്പിൽ 49 തസ്തികകളും, വിവിധ വകുപ്പുകളിലായി 3570 തസ്തികകളുമുൾപ്പെടെ മൊത്തം 3642 തസ്തികകൾ വെട്ടിക്കുറച്ച് ഉത്തരവായിട്ടുണ്ട്.

(ബി & സി) അനുബന്ധം (എ),(ബി), (സി), (ഡി), (ഇ)യായി ഉള്ളടക്കം ചെയ്തിട്ടുണ്ട്. †

(ഡി—എഫ്) വിവരം ശേഖരിച്ചുവരുന്നു.

സർക്കാർ ജീവനക്കാർ രചിക്കുന്ന പുസ്തകങ്ങൾ

145 [728] ശ്രീ. അടൂർ പ്രകാശ്:
,, കെ. മോഹൻകുമാർ:
,, എം. എ. ചന്ദ്രശേഖരൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർ രചിക്കുന്ന പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് ഗവൺമെന്റിന്റെ അനുവാദം ആവശ്യമാണോ;

(ബി) ആണെങ്കിൽ ഗവൺമെന്റിന്റെ അനുമതിയില്ലാതെ സർക്കാർ ജീവനക്കാർ പുസ്തകം പ്രസിദ്ധീകരിക്കുന്നതിനെതിരെ എന്തു നടപടിയാണ് സ്വീകരിക്കാറുള്ളത്;

(സി) സർക്കാർ ജീവനക്കാർ ഗവൺമെന്റ് നയത്തെ വിമർശിച്ചുകൊണ്ടുള്ള പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിനെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കാറുണ്ടോ;

(ഡി) പോലീസ് അസോസിയേഷന്റെ സി.പി.ഐ. (എം) അനുകൂലിയായ മുൻഭാരവാഹി 'പോലീസ് നയം' എന്ന പേരിൽ ഒരു പുസ്തകം രചിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ പുസ്തകത്തിന് പോലീസ് ജീവനക്കാരുടെ ഇടയിൽ വ്യാപകമായ പ്രചാരണം നൽകുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ—സി)) നേരത്തെ നൽകിയിട്ടുണ്ട്.

(ഡി) ഹെഡ് കോൺസ്റ്റബിളായി സർവ്വീസിൽ നിന്നും വിരമിച്ച കേരളാ പോലീസ് അസോസിയേഷന്റെ മുൻ സെക്രട്ടറി ശ്രീ. ജോർജ് ഫ്രാൻസിസ് കൺവീനറായി 'സമകാലിക പോലീസ് നയത്തിന്റെ കാണാപ്പുറം ചില സംഘടനാ ചിന്തകളും' എന്ന പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഇ) ഇക്കാര്യത്തെപ്പറ്റി ഊർജ്ജിത അന്വേഷണം നടക്കുന്നുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly